# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

സാനിദ്ധ്യം അനുപമ റ്റി.വി.ഐ.എ.എസ്

വിഷയം:- വനിത ശിശു വികസന വകുപ്പ് -സംയോജിത ശിശു വികസന പദ്ധതി-45 വർഷങ്ങൾ പൂർത്തിയാക്കുന്നത്- 45ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾസംഘടിപ്പിക്കുന്നിലേയ്ക്കായി ചെലവ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : വനിത ശിശു വികസന ഡയറക്ടറുടെ30.09.2020 ലെ ഇതേ നം കത്ത്.

ഉത്തരവ് നം. ICDS -A4/11325/2020 തീയതി . 01.10.2020

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ സംയോജിത ശിശുവികസന സേവന പദ്ധതി 2020 ഒക്ടോബർ 2 ന് മഹത്തായ 45 വർഷം പൂർത്തിയാക്കുകയാണ്. ലോകം നാളിതുവരെ അഭിമുഖീകരിക്കാത്ത കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ICDS പദ്ധതിയുടെ മഹത്തായ 45 വർഷം പരിമിതമായ രീതിയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 2020 ഒക്ടോബർ 2 മുതൽ സംസ്ഥാനത്തൊട്ടാകെയുള്ള ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് 45 ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾ സംഘടിപ്പിക്കുന്നതിനായി പരാമർശം(1) പ്രകാരം തീരുമാനിച്ചിരിക്കുന്നു. ക്യാംപെയിൻ പരിപാടികളുടെ നടത്തിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ക്യാംപെയിൻ പരിപാടികൾ ജില്ല/ പ്രോജക്ട് /അങ്കണവാടി തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

ടി. ക്യാംപെയിൻപരിപാടികളുടെ പോസ്റ്റർ വകുപ്പിന്റെ വെബ് സൈറ്റിലെ പ്രത്യേക ലിങ്കിൽലഭ്യമാക്കുന്നതാണ്. ടി പോസ്റ്റർ display Board ആയി എല്ലാ കീഴ്ക്കാര്യാലയങ്ങളിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ക്യാംപെയിൻ പരിപാടികളുടെ പ്രചാരണങ്ങൾക്കായി മേൽപരാമർശ കത്ത് പ്രകാരം ജില്ലക്ക് 10,000 രൂപ ക്രമത്തിൽ അനുവദിക്കുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ജില്ല യിലെ ICDS കളുടെ എണ്ണത്തിന് ആനുപാതികമായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്സംഘടിപ്പിക്കുന്ന പരിപാടികൾക്കു ടി.തുക ഉപയോഗിക്കാവുന്നതാണ്.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 12,000 |
| 2 | കൊല്ലം | 10,000 |
| 3 | പത്തനംതിട്ട | 9,000 |
| 4 | ആലപ്പുഴ | 9,000 |
| 5 | കോട്ടയം | 9,000 |
| 6 | ഇടുക്കി | 9,000 |
| 7 | എറണാകുളം | 11,000 |
| 8 | തൃശ്ശൂർ | 11,000 |
| 9 | പാലക്കാട് | 10,000 |
| 10 | മലപ്പുറം | 14,000 |
| 11 | കോഴിക്കോട് | 10,000 |
| 12 | വയനാട് | 7000 |
| 13 | കണ്ണൂർ | 10,000 |
| 14 | കാസർഗോഡ് | 9,000 |
| | **ആകെ** | **140000** |

പ്രസ്തുത തുക ജില്ലാ വനിത ശിശു വികസന ആഫീസർമാർ അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി പ്രത്യേക ഉത്തരവു പ്രകാരം ശിശു വികസന ആഫീസർമാർക്ക് മാറി നൽകേണ്ടതാണ്.

ടി. തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-59 –P - എന്ന ശീർഷകത്തില് നിന്നും വഹിക്കാവുന്നതാണ്.

ആയതിന്റെ ചെലവ് പത്രിക, ധനവിനിയോഗ സാക്ഷ്യ പത്രം എന്നിവ ജില്ലാ വനിത ശിശു വികസന ആഫീസർമാർ ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്ക്
2. A സെക്ഷൻ

പകർപ്പ് : എല്ലാ പ്രോഗ്രാം ആഫീസർമാർക്കും/ എല്ലാ CDPO മാർക്കും